# ഇന്റർനെറ്റ് മാധ്യമങ്ങളും സമൂഹവും

കേരളീയം വെബ്സൈറ്റ് പ്രകാശനത്തിനോട് അനുബന്ധിച്ച് നടന്ന സംവാദം

**പരമ്പരാഗത സമ്പ്രദായങ്ങളെ പാടെ അവഗണിക്കാതെ ഈ പുതിയ മാധ്യമത്തെ ഒരു ആയുധമെന്ന നിലയിൽ പ്രയോജനപ്പെടുത്തി പരമാവധി ചൂഷണം ചെയ്യുന്ന സംവിധാനത്തിനാണ് രൂപം കൊടുക്കേണ്ടതെന്ന്**

**വി.ആർ. രാജമോഹൻ**

# ആകാം, പക്ഷെ അവസാനവാക്ക് ആകരുത്

അതിവേഗം സംഭവിച്ചുകൊണ്ടിരിക്കുന്ന സാങ്കേതിക പുരോഗതിയുടെ ഏറ്റവും വലിയ ഗുണഭോക്താക്കളിൽ ഒന്നായി മാധ്യമ മേഖല മാറിയിരിക്കുകയാണ്. ശിലായുഗത്തിൽ ഗുഹാന്തരങ്ങളിൽ ആദിമമനുഷ്യൻ വരകളും കുറികളും കൊണ്ട് തീർത്ത ചിത്രസമാനമായ രൂപങ്ങൾ അക്ഷരങ്ങളായി പരിണമിച്ചത് എത്രയോ കാലമെടുത്താണ്. ഒരു മുറിമുഴുവൻ നിറഞ്ഞുനിന്ന പ്രാഗ് രൂപത്തിൽ നിന്ന് കമ്പ്യൂട്ടർ ഇന്ന് ഉള്ളം കൈയിലൊതുക്കാമെന്നായി. ആശയവിനിമയത്തിന്റെ പ്രധാന മാർഗ്ഗങ്ങളിൽ ഒന്നായി, വാർത്തകൾ ജനങ്ങളിലെത്തിക്കാനുള്ള മുഖ്യമാധ്യമമായി അച്ചടി മാറി. ഇതിനിടെ ലോകമെമ്പാടും വലിയ കാലവ്യത്യാസമില്ലാതെ തന്നെ സംഭവിച്ച വിവര സാങ്കേതികവിദ്യയുടെ വികസനവും വളർച്ചയും അച്ചടി മേഖലയിലും ചലനങ്ങൾ സൃഷ്ടിച്ചു. വിജ്ഞാന വിസ്ഫോടനത്തിന്റെ കടന്നു വരവോടെ കാര്യങ്ങൾ പ്രവചനാതീതമായി. ഒരർത്ഥത്തിൽ എല്ലാം കീഴ്മേൽ മറിഞ്ഞു എന്നു വരെ പറയേണ്ട സ്ഥിതിയായി. അച്ചടി മാധ്യമത്തിന്റെ സ്ഥാനത്തേയ്ക്ക് കമ്പ്യൂട്ടറും മൊബൈൽ ഫോണും വരെ കടന്നുവന്നു. ലോകമൊട്ടാകെയുള്ള കമ്പ്യൂട്ടറുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇന്റർനെറ്റ് സംവിധാനം വ്യാപകമായി ഉപയോഗിക്കപ്പെടാൻ തുടങ്ങിയതോടെ അക്ഷരാർത്ഥത്തിൽ മാധ്യമ മേഖല പുനർനിർവ്വചിക്കപ്പെട്ടു. ഈ നവമാധ്യമത്തിന്റെ സാധ്യതകൾ ഏറെ ചർച്ച ചെയ്യപ്പെട്ടു. ഇപ്പോഴും ചർച്ച ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്നു. ആധികാരികമായ കണ്ടെത്തലുകൾക്ക് പഠനവും ഗവേഷണവും ആവശ്യമാണ്. അതിനാൽ വ്യക്തമായ നിഗമനത്തിൽ എത്തിച്ചേരുവാൻ അല്പം കാത്തിരിക്കേണ്ടതായി വരാം. ഇത്തരം ഘട്ടങ്ങളിൽ ആഴത്തിലുള്ള കണ്ടെത്തലുകൾക്ക് പകരം സാമാന്യബുദ്ധിയ്ക്കു നിരക്കും വിധമുള്ള വിലയിരുത്തലുകളെ ആശ്രയിക്കുകയാണ് അഭികാമ്യം.

വർത്തമാനകാലഘട്ടങ്ങളിൽ ആധുനിക മനുഷ്യന്റെ ജീവിതം അങ്ങേയറ്റം വേഗതയേറിയതായി മാറി. അതിനോടൊപ്പമെത്താൻ സമസ്ത മേഖലകളിലും മാറ്റങ്ങൾ അനിവാര്യമായി തീർന്നു. തിരക്കേറിയപ്പോൾ ദിനവുമുള്ള പത്രവായന അസാധ്യമാണെന്ന് കരുതിയവർ ഏറെ. ടെലിവിഷൻ ചാനലുകളിലെ വാർത്തകൾക്ക് പുറമെ ഓൺ ലൈൻ എഡിഷനുകളെ മാത്രം ആശ്രയിച്ചാൽ മതിയെന്ന ധാരണ പൊതുവെ സൃഷ്ടിക്കപ്പെടുകയും ചെയ്തു. മലയാളിക്ക് അതിരാവിലെ ചൂടു ചായയോടൊപ്പം വൃത്താന്ത പത്രവും നിർബന്ധമാണെന്ന വസ്തുത പൂർണ്ണമായും

അവസാനിച്ചിട്ടില്ലെന്നതാണ് നേര്. അച്ചടി മാധ്യമങ്ങള് കാലങ്ങളായി നേടിയെടുത്തിട്ടുള്ള വിശ്വാസ്യത അത്ര പെട്ടെന്നൊന്നും നഷ്ടപ്പെടാനുമിടയില്ല. എന്നിരുന്നാലും മിക്കവാറും നമ്മുടെ എല്ലാ അച്ചടി മാധ്യമങ്ങളും തന്നെ ഓണ് ലൈന് എഡിഷനുകള് ആരംഭിക്കാന് തയ്യാറായി മുന്നോട്ടു വന്നു. ഭാവിതലമുറയെ മുന്നില് കണ്ട് നടത്തിപ്പുകാര് ഒരു മുഴം മുന്നിലെറിഞ്ഞതാകാനേ തരമുള്ളൂ. ഇപ്പോള് ജനിക്കുന്ന കുട്ടികള് പത്രം വായിക്കാന് പ്രായമാകുമ്പോഴേയ്ക്കും അച്ചടി മാധ്യമങ്ങള് പറ്റെ താഴോട്ട് പോകുമെന്നും ഇന്റര്നെറ്റ് മാധ്യമങ്ങള്ക്കായിരിക്കും ആവശ്യക്കാരെന്നുമുള്ള മുന്വിധിയായിരുന്നിരിക്കും അവരെ ഇതിലേയ്ക്ക് നയിച്ചത്.

മാധ്യമ സ്ഥാപനങ്ങള് അത് വ്യക്തികളുടേയോ, സംഘടനകളുടേയോ കേര്പ്പറേറ്റുകളുടേയോ ആരുടെ തന്നെ നേതൃത്വത്തില് ആയിരുന്നാലും നടത്തിവരുന്ന വെബ് പത്രങ്ങള് വാസ്തവത്തില് ഒരു ഉപോല്പന്നമായിട്ടാണ് അനുഭവപ്പെടുന്നത്. അതിലെ വാര്ത്തകളാകട്ടെ പ്രധാന പത്രങ്ങളിലേയ്ക്ക് കൈപിടിച്ച് കൊണ്ടു പോകാന് വേണ്ടിയുള്ള ഒരു ഉപാധിയും. പത്രത്തിന്റെ സാമ്പത്തിക അടിത്തറയ്ക്ക് കരുത്തു പകരാനുള്ള ശ്രമവും ഒപ്പമുണ്ട്. പത്രത്തിലെ പരസ്യങ്ങളുമായി ബന്ധപ്പെടുത്തി കൊണ്ടുള്ള പാക്കേജാണ് ഓണ്ലൈന് പത്രങ്ങളിലും ഇ – പത്രങ്ങളിലും (e - paper) ഉള്ളത്.

എന്നാല് സ്വന്തമായി പത്രങ്ങള് ഒന്നുമില്ലാതെ നടത്തുന്ന വെബ് പത്രങ്ങളെ സംബന്ധിച്ചിടത്തോളം നിലനില്പ്പ് വളരെ പ്രധാനപ്പെട്ടതാണ്. പരസ്യങ്ങളെ മുന്നിര്ത്തി ഹിറ്റുകളുടെ എണ്ണം കൂട്ടാന് വേണ്ടി ഇക്കിളി വാര്ത്തകള് പ്രസിദ്ധീകരിക്കാന് ആരും തയ്യാറാകുന്നു. ദൗര്ഭാഗ്യവശാല് ഈ 'ചൂടന്' ഐറ്റങ്ങള്ക്ക് അപ്പുറം അവയിലെ മറ്റൊന്നും വായിക്കുവാന് ഇവര് തയ്യാറാകുന്നില്ല എന്നതാണ് സത്യം. നേരെ മറിച്ച് ഇതൊരു അച്ചടി മാധ്യമം ആയിരുന്നുവെങ്കില് ഇത്രയ്ക്കും വലിയ ദുരവസ്ഥ ഉണ്ടാകുമായിരുന്നില്ല. 'ഡബണയര്' എന്ന ഇംഗ്ലീഷ് മാസികയ്ക്ക് സെന്റര് സ്പ്രെഡിലുള്ള നഗ്ന ഫോട്ടോയുടെ ആകര്ഷണത്തില് ഒരു കാലഘട്ടത്തില് ഒട്ടേറെ വായനക്കാര് ഉണ്ടായിരുന്നു. വാരികയിലെ ആഴത്തിലുള്ള ലേഖനങ്ങള് വായിക്കാന് പലരും ഇങ്ങനെ നിര്ബന്ധിതരായി തീരുകയാണുണ്ടായത്.


പ്രൊഫഷണലിസത്തിന്റെ അഭാവമാണ് ഓണ്ലൈന് പ്രസിദ്ധീകരണങ്ങളുടെ പ്രധാന ന്യൂനതയായി തോന്നുന്നത്. നേരത്തെ ചൂണ്ടിക്കാണിച്ച നിലവാരം കുറഞ്ഞ വാര്ത്തകളുടെ പിന്നാലെയാണ് അധിക വായനക്കാരും പോകുന്നത്. ഗൗരവമുള്ള വിഷയങ്ങള് മാത്രം കൈകാര്യം ചെയ്യുന്ന ഓണ്ലൈന് മാധ്യമങ്ങള് തീരെ ഇല്ല എന്ന് പറയുന്നില്ല. അച്ചടി മാധ്യമ സ്ഥാപനങ്ങളുമായി താരതമ്യം ചെയ്യുമ്പോള് ഓണ്ലൈന് പ്രസിദ്ധീകരണങ്ങള് ആരംഭിക്കുന്നതിന് ആവശ്യമായ ചിലവ് വളരെ കുറവാണെന്ന കാര്യം ശ്രദ്ധേയമാണ്. വേണമെങ്കില് ഏതെങ്കിലും ഒരു ഇന്റര്നെറ്റ് കഫെയില് ഇരുന്നു കൊണ്ട്, ഒരാള് മാത്രം വിചാരിച്ചാല് നടപ്പിലാക്കാന് കഴിയുന്ന ഒന്നാണിത്. ഒരാള്ക്ക് പകരം ഒരു സംഘം ആളുകള് കൃത്യമായ പത്രാധിപ സമിതിയുടെ പിന്ബലത്തോടെ വിഷയങ്ങളും അതിനനുസരിച്ചുള്ള പംക്തികളും തീരുമാനിച്ച് ഓണ്ലൈന് മാധ്യമത്തില് ഏര്പ്പെടുത്തിയാല് നേരത്തെ ചൂണ്ടിക്കാട്ടിയ പ്രൊഫഷണലിസത്തിന്റെ പരിമിതി മറികടക്കാന് കഴിയും.

അച്ചടി മാധ്യമത്തിന്റെ ഭാഗമായി ഓണ്ലൈന് പത്രങ്ങള് ആരംഭിച്ചത് ഏതാണ്ട് ഒന്നര പതിറ്റാണ്ട് മുമ്പാണ്. മിക്കവാറും പത്രസ്ഥാപനങ്ങളില് പേരിനൊരു സബ് എഡിറ്റര്ക്കായിരുന്നു ഈ ചുമതല. പലയിടത്തും ഡി.റ്റി.പി സ്റ്റാഫ് ആണ് ഓണ്ലൈന് കൈകാര്യം ചെയ്തിരുന്നത്. വാര്ത്തകള് കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന കാര്യത്തില് ആര്ക്കും തന്നെ വലിയ ശുഷ്കാന്തിയുണ്ടായിരുന്നില്ല. ഒരു ടെലിവിഷന് ചാനലിലെ മാധ്യമ പരിപാടിയില് പ്രമുഖനായ മാധ്യമ നിരൂപകന് അന്ന് പറഞ്ഞതോര്ക്കുന്നു. ''ഓണ് ലൈന് എഡിഷനുകള് ആരംഭിക്കാന് എളുപ്പമാണ്. നടത്തിക്കൊണ്ടു പോവുക അത്ര എളുപ്പമല്ല.'' ഏതായാലും കാര്യങ്ങള് ഇന്ന് അതിനെക്കാളേറെ പുരോഗമിച്ചു. ടെലിവിഷന് ചാനലുകളെപ്പോലെ ഓണ്ലൈണ് എഡിഷനുകളിലും കടുത്ത മത്സരമായി. ഇതിന്റെ ഫലമായി അസത്യങ്ങളും അര്ദ്ധസത്യങ്ങളും പര്വ്വതീകരിക്കപ്പെട്ട സംഭവങ്ങളുമൊക്കെ വാര്ത്തകളായി. വൈറ്റില ജംഗ്ഷനില് സൈക്കിള് മറിഞ്ഞ് ഒരാള്ക്ക് നിസ്സാര പരിക്കേറ്റാല് ഓണ്ലൈന് എഡിഷനില് ഇങ്ങനെയായിരിക്കും വാര്ത്ത. 'വൈറ്റില ജംഗ്ഷനില് വാഹനാപകടം; ഒരാള്ക്ക് പരിക്ക്'. കൂടെ കേരളത്തിലെ ഏറ്റവും തിരക്കേറിയ ജംഗ്ഷനാണ് വൈറ്റില എന്ന് വസ്തുതയും കൂട്ടിച്ചേര്ത്തിട്ടുണ്ടാകും. മുമ്പ് ചാനലുകളിലെ സ്ക്രോളിംഗ് കാണുമ്പോള് പത്രം ഓഫീസുകളിലെ ഡസ്ക്കില് നിന്നും ബ്യൂറോകളിലേയ്ക്ക് സ്ഥിരമായി വിളിവരുമായിരുന്നു. ബ്രേക്കിംഗ് ന്യൂസുള്പ്പെടെ സ്ക്രോളിംഗുകളുടെ പിന്നിലെ തട്ടിപ്പിന്റെ രഹസ്യം അടുത്തിടെയാണ് എല്ലാവര്ക്കും ബോധ്യപ്പെട്ടത്. എന്നാല് ഈ ജോലി ഇപ്പോള് ഓണ്ലൈന് എഡിഷനുകള് ഏറ്റെടുത്തിരിക്കുകയാണ്. നിസ്സാര പ്രശ്നങ്ങളെ ഊതിപ്പെരുപ്പിക്കുവാന് ഓണ്ലൈന് എഡിഷനുകള്ക്ക് കഴിയുമെന്ന സ്ഥിതിയുണ്ട്. അനാവശ്യ വിവാദങ്ങള് സൃഷ്ടിക്കാനും യഥാര്ത്ഥത്തില് ചര്ച്ച ചെയ്യപ്പെടേണ്ട ഗൗരവം നിറഞ്ഞ വിഷയങ്ങളെ വഴിതിരിച്ച് വിടാനും ഇത് കാരണമാകുന്നു. വാര്ത്തകളുടെ ചുവട്ടില് വരുന്ന കമന്റുകള് മാത്രം വായിച്ച് പലരും അതിന്മേല് തുടര് പ്രതികരണങ്ങള് നടത്തുന്നതായി കാണാം.

റിലീസിങ്ങിനോട് അനുബന്ധിച്ച് സിനിമകളെ രക്ഷപ്പെടുത്താനും തകര്ക്കാനുമൊക്കെ ബോധപൂര്വ്വം നടത്തുന്ന ശ്രമങ്ങള്ക്ക് വേദിയായി ഓണ്ലൈന് ചര്ച്ചകള് അധഃപതിച്ചിരിക്കുന്ന കാഴ്ചയാണ് നമ്മുടെ മുന്നില് ഉള്ളത്. വായനക്കാരുടെ കത്തുകളിലൂടെ മുന്കാലങ്ങളില് അച്ചടി മാധ്യമത്തില് ഇടപെട്ടിരുന്നവര്ക്ക് ഒരു നിമിഷം പോലും പാഴാക്കാതെ തങ്ങളുടെ നിലപാടുകളും അഭിപ്രായങ്ങളും അപ്പപ്പോള് തന്നെ പ്രകടിപ്പിക്കാന് കഴിയുമെന്നാണ് ഈ നവമാധ്യമത്തിന്റെ ഏറ്റവും വലിയ സവിശേഷത. പക്ഷെ അരാഷ്ട്രീയമായ ചിന്താഗതികള് വച്ചുപുലര്ത്തുന്നവരും പൊതുകാര്യങ്ങളില് സാമാന്യവിവരം പോലുമില്ലാത്തവരുമായ ഒരു ചെറിയ വിഭാഗത്തിന്റെ ബാലിശമായ പ്രതികരണങ്ങളാണ് ഇക്കാര്യത്തില് പൊതു

വെ കണ്ടുവരുന്നത്. ഇത്തരം സാഹചര്യത്തിൽ ഇന്റർനെറ്റ് മാധ്യമങ്ങൾക്ക് സാമൂഹിക ഇടപെടലുകൾ നടത്തുന്നതിന് പരിമിതികൾ ഏറെയാണെന്നാണ് എന്റെ വ്യക്തിപരമായ വിലയിരുത്തൽ. ഇതിനോട് യോജിക്കാൻ പലർക്കും അത്ര പെട്ടെന്ന് കഴിഞ്ഞെന്ന് വരില്ല. എന്റെ നിരീക്ഷണങ്ങൾ പൂർണ്ണമായും ശരിയാണെന്നും അവകാശപ്പെടുന്നില്ല. എന്നാൽ ഒരു കാര്യം തറപ്പിച്ച് പറയുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല. ഇന്റർനെറ്റ്  മാധ്യമങ്ങളെ ഒരു അവസാന വാക്കായി കണ്ടുകൊണ്ടുള്ള സമീപനം തീർത്തും ശരിയല്ല.

മുല്ലപ്പൂവിപ്ലവവും അറബ് വസന്തവും വാൾസ്ട്രീറ്റ് പ്രക്ഷോഭവുമെല്ലാം അടുത്തിടെ വിജയം കണ്ട ജനകീയ പ്രക്ഷോഭങ്ങളായിരുന്നു. സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകൾ ഇതിന് ഏറെ സഹായം ചെയ്തിട്ടുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. ഇന്ത്യയിലാകട്ടെ അണ്ണാഹസാരെയും സംഘവും നടത്തിയ സമരങ്ങൾക്കെല്ലാം തന്നെ ആഴത്തിലുള്ള ചലനങ്ങൾ സഷ്ടിക്കാൻ നവമാധ്യമത്തിന് കഴിഞ്ഞു.  എന്നാൽ ഒരിക്കൽ ചക്കയിട്ടപ്പോൾ ചത്തതുപോലെ ഇനിയങ്ങോട്ട് മുയലുകൾ ചാവണമെന്നില്ല എന്നു പറയേണ്ടി വരുന്നതിൽ ഖേദമുണ്ട്. കേരളത്തിലെ നിരവധി ജനകീയ പ്രശ്നങ്ങൾ ഇന്റർനെറ്റിലൂടെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. തീർച്ചയായും ഇതിന്റെ ഗുണഫലം പ്രക്ഷോഭങ്ങളുടെ വിജയത്തിന് സഹായിക്കുന്നുമുണ്ടാകും. അതേ സമയം പൊതുപ്രവർത്തകരെ സംബന്ധിച്ചിടത്തോളം സമരമുഖത്തെ  നേരിട്ടുള്ള ഇടപെടലുകളല്ലാതെ ഇന്റർനെറ്റ് സംവിധാനത്തിലൂടെ നിർവ്വഹിക്കപ്പെടുന്ന ഏതൊരു പ്രവർത്തനവും പകരം വയ്ക്കാൻ കഴിയുന്ന  വിധത്തിലുള്ളതാണെന്ന് പറയാനാകില്ല.  ഇത്തരം പങ്കാളിത്തത്തിൽ സമരവീര്യംഒതുങ്ങിപ്പോകുന്നത് ആശാസ്യമല്ല. സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളിലെ പ്രൊഫൈലുകളിൽ മാത്രം  സ്വയം പ്രക്ഷോഭകാരികളായി മാറി അഭിമാനിക്കുന്നവരും കുറവല്ല. തങ്ങളുടെ നിലപാടുകൾ ഈ മാധ്യമങ്ങളിലെ  പോസ്റ്റുകളിലൂടെ വിളംബരം  ചെയ്യുന്നതോടെ എല്ലാമായെന്ന് ധരിച്ച് കൈയുംകെട്ടി നോക്കി നിന്നാൽ ഒരു സമരങ്ങളും വിജയിക്കില്ല. ഇനിയങ്ങോട്ട് കാലഘട്ടം ആവശ്യപ്പെ



**ഇൻഫർമേഷൻ ടെക്നോളജിയെ ഒരു മീഡിയമോ, ടൂളോ മാത്രമായി സ്വീകരിക്കുന്നതിന് പകരം സർവ്വ പ്രശ്നങ്ങൾക്കുമുള്ള ഒറ്റമൂലിയായി കാണുന്ന തികച്ചും ദൗർഭാഗ്യകരമായ അവസ്ഥ എങ്ങനെയോ സാമാന്യ ജനങ്ങൾക്കിടയിൽ രൂഢമൂലമായി കഴിഞ്ഞിട്ടുണ്ട്. വൈകിയാണെങ്കിലും ഒരു പരിധിവരെ ഇത് തിരിച്ചറിയപ്പെട്ടിട്ടുണ്ടെന്നത് ആശ്വാസകരമാണ്**

ടുന്ന വിപ്ലവങ്ങൾ പോലും  നടന്നുവെന്ന് വരില്ല. നേരിട്ടുള്ള ജൈവീകമായ ഇടപെടലുകൾക്ക് പകരം നടക്കുന്ന ഇത്തരം മാർഗ്ഗങ്ങൾ അനഭിലഷണീയമാണെന്ന് പറയാതെ വയ്യ. ആവശ്യമെങ്കിൽ ആശയ പ്രചരണങ്ങൾക്ക് ഇത്തരം മാർഗ്ഗങ്ങൾ ഉപയോഗിക്കാം.അതിലുപരി നേരിട്ടുള്ള ഇടപെടലുകൾ ഉപേക്ഷിച്ച് പകരം ഇവയെ ആശ്രയിക്കുമ്പോൾ നഷ്ടമാകുന്നത് ത്യാഗവും ആത്മാർത്ഥതയും ഉൾപ്പെടെയുള്ള മൂല്യങ്ങളാണ്.

ഇന്ത്യൻ സ്വാതന്ത്ര്യ സമരം വർഷങ്ങൾ കൊണ്ട് വിജയിച്ചത് സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളൊന്നും ഇല്ലാത്ത കാലത്തായിരുന്നുവെന്ന്  ഓർക്കണം. ലോകം ഇന്നോളം ദർശിച്ച മഹാന്മാരായ പ്രവാചകന്മാരുടേയും  ഗുരുക്കന്മാരുടേയും ആദർശങ്ങളും ആശയങ്ങളും ജനമനസ്സുകൾ സ്വീകരിച്ചത് ഇന്റർനെറ്റ് സംവിധാനങ്ങൾ വഴിയല്ലെന്നുള്ളതും  മനസ്സിലാക്കണം. എബ്രഹാം ലിങ്കണിന്റെ ഗെറ്റിസ്ബർഗ് പ്രസംഗത്തിനും സ്വാമി വിവേകാനന്ദന്റെ ചിക്കാഗോ പ്രസംഗത്തിനും മാനവരാശിയെ സ്വാധീനിക്കാൻ കഴിഞ്ഞത് എങ്ങനെയെന്ന കാര്യം തിരിച്ചറിയേണ്ടതുണ്ട്.  പറഞ്ഞ് നിർത്തുമ്പോൾ ചില കാര്യങ്ങൾ കൂടി വിശദീകരിക്കേണ്ടത് ആവശ്യമാണെന്ന് തോന്നുന്നു. എല്ലാം യന്ത്രത്തിന് വിട്ടുകൊടുക്കുന്ന തീരുമാനം ഗുണത്തേക്കാളേറെ ദോഷമാണ് ചെയ്യുക എന്ന കാര്യത്തിൽ സംശയം വേണ്ട. ഗുണനപട്ടിക കാണാതെ പഠിക്കുന്നത് പണ്ടത്തെ പാഠ്യപദ്ധതിയിൽ നിർബന്ധമായിരുന്നു. പിന്നീട് ഫലത്തിൽ ഒന്നും ആവശ്യമില്ലാതായി. എല്ലാത്തിനും കാൽക്കുലേറ്റർ വേണമെന്ന് ആയതോടെ ഗണിത ശാസ്ത്രത്തിൽ ഡോക്ടറേറ്റ് ഉള്ളവർക്കു പോലും മനക്കണക്കായി നാലും നാലും കൂട്ടാനറിയില്ല. മുമ്പ് അത്യാവശ്യം പത്ത് ടെലഫോൺ നമ്പറുകൾ മനസ്സിലുണ്ടെങ്കിൽ നല്ല ഓർമ്മശക്തിയുള്ളയാൾ എന്നൊരു ധാരണ പൊതുവെ നമുക്കിടയിൽ നിലനിന്നിരുന്നു. മൊബൈൽ ഫോണിലെ മെമ്മറി കാർഡ്

ഇക്കാര്യം ഏറ്റെടുത്തതോടെ സ്വന്തം സെൽനമ്പർ പറഞ്ഞു കൊടുക്കണമെങ്കിൽ വല്ലവരുടെയും സെല്ലിലേയ്ക്ക് മിസ് കോൾ അടിച്ചിട്ടുവേണം. മലയാളിയുടെ മസ്തിഷ്ക്കം ഇങ്ങനെ ഉപയോഗശൂന്യമായി തീരുന്ന ദയനീയ കാഴ്ചയാണ് കാണേണ്ടി വരുന്നത്. കുട്ടികളുടെ ഏകാഗ്രതയും കണക്ക് കൂട്ടാനുള്ള കഴിവും വർദ്ധിപ്പിക്കാൻ ആധുനിക യന്ത്രങ്ങളെ ഉപേക്ഷിച്ച് അബാക്കസ് പഠിപ്പിക്കേണ്ട ഗതികേടിലാണ് നാം ഇപ്പോൾ ഇന്റർനെറ്റിൽ സ്പെൽ ചെക്കും ഗ്രാമർ ചെക്കും കൂടി വന്നതോടെ ഭാഷയുടെ കാര്യത്തിലും മസ്തിഷ്ക്കം പിന്നോട്ട് പോയിരിക്കുകയാണ്. മനശുദ്ധിയ്ക്കായി പൂർവ്വികർ ആവിഷ്ക്കരിച്ച മന്ത്രോച്ചാരണങ്ങൾ പോലും കമ്പ്യൂട്ടർ ചിപ്പിനെ ഏൽപ്പിക്കുന്ന ആധുനിക മനുഷ്യനിൽ നിന്ന് കൂടുതൽ എന്തെങ്കിലും പ്രതീക്ഷിക്കുന്നത് തികഞ്ഞ അസംബന്ധമാണ്.

വളച്ചുകെട്ടില്ലാതെ ഒരു കാര്യം പറഞ്ഞു വച്ചില്ലെങ്കിൽ തെറ്റിദ്ധാരണയ്ക്കുള്ള സാധ്യത ഏറെയാണ്. ശാസ്ത്രത്തിന്റെ വളർച്ചയും തീർച്ചയായും ഒരു നാഴികക്കല്ലെന്ന് തന്നെ വിശേഷിപ്പിക്കാൻ പോന്ന ഇൻഫർമേഷൻ ടെക്നോളജിയെയും തള്ളിപ്പറയുവാൻ തീരെ ഉദ്ദേശിക്കുന്നില്ല. ഈ മുന്നേറ്റത്തിൽ നിന്ന് പുറം തിരിഞ്ഞ് നിൽക്കുന്നത് ആത്മഹത്യാപരമാണെന്നുള്ള കൃത്യമായ ധാരണ മുൻനിർത്തിത്തന്നെയാണ് ഈ അഭിപ്രായപ്രകടനങ്ങൾ നടത്തിയത്. അവ പൂർണ്ണമായും ശരിയാണെന്നോ അതിൻ പ്രകാരമേ പ്രവർത്തിക്കാവൂ എന്നോ നിഷ്ക്കർഷിക്കാനുള്ള മൗഢ്യമൊന്നും വെച്ചു പുലർത്തുന്നില്ല. എന്നാൽ ഇൻഫർമേഷൻ ടെക്നോളജിയെ ഒരു മീഡിയമോ, ടൂളോ മാത്രമായി സ്വീകരിക്കുന്നതിന് പകരം സർവ്വ പ്രശ്നങ്ങൾക്കുമുള്ള ഒറ്റമൂലിയായി കാണുന്ന തികച്ചും ദൗർഭാഗ്യകരമായ അവസ്ഥ എങ്ങനെയോ സാമാന്യ ജനങ്ങൾക്കിടയിൽ രൂഢമൂലമായി കഴിഞ്ഞിട്ടുണ്ട്. വൈകിയാണെങ്കിലും ഒരു പരിധിവരെ ഇത് തിരിച്ചറിയപ്പെട്ടിട്ടുണ്ടെന്നത് ആശ്വാസകരമാണ്. അതേ സമയം യാതൊരു വിധത്തിലുള്ള പരിശോധനകളോ പഠനങ്ങളോ നടത്താതെ ഇതുതന്നെ അവസാന വാക്കെന്നും ഇതിനപ്പുറം മറ്റൊന്നില്ലെന്നു

**ഇന്റർനെറ്റിന്റെ അനന്ത സാദ്ധ്യതകളെ ക്രിയാത്മകമായി സമീപിക്കുന്നതോടൊപ്പം ദൂഷ്യഫലങ്ങളെയും ദുരന്തങ്ങളെയും കുറിച്ച് വേണ്ടത്ര അവബോധം പകർന്നു തരേണ്ട ബൗദ്ധിക കൂട്ടായ്മ ഇവിടെ ഉരുത്തിരിയേണ്ടതുണ്ട്**

ള്ള അപക്വവും അബദ്ധജഡിലവുമായ നിലപാടുകളുമായി ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നവരിൽ കഴിഞ്ഞ കാലങ്ങളിൽ സമൂഹത്തിന്റെ ദശാസന്ധികളിലൊക്കെത്തന്നെ സജീവമായി ഇടപെട്ടിരുന്ന ബൗദ്ധിക നേതൃത്വങ്ങളുമുണ്ടെന്ന കാര്യം അത്ഭുതത്തെക്കാളേറെ ഭീതിയാണ് ജനിപ്പിക്കുന്നത്.

പരമ്പരാഗത സമ്പ്രദായങ്ങളെ പാടെ അവഗണിക്കാതെ ഈ പുതിയ മാധ്യമത്തെ ഒരു ആയുധമെന്ന നിലയിൽ പ്രയോജനപ്പെടുത്തി പരമാവധി ചൂഷണം ചെയ്യുന്ന സംവിധാനത്തിനാണ് രൂപം കൊടുക്കേണ്ടത്.തലമുറകൾ തമ്മിലുള്ള വിടവ് ഇന്റർനെറ്റ് സംവിധാനങ്ങളുടെ ഉപയോഗപ്പെടുത്തലിന്റെ കാര്യത്തിൽ പ്രകടമാകുന്നില്ല എന്ന വസ്തുത സന്തോഷത്തിന് വക നൽകുന്നു. ഇന്റർനെറ്റിന്റെ അനന്ത സാദ്ധ്യതകളെ ക്രിയാത്മകമായി സമീപിക്കുന്നതോടൊപ്പം ദൂഷ്യഫലങ്ങളെയും ദുരന്തങ്ങളെയും കുറിച്ച് വേണ്ടത്ര അവബോധം പകർന്നു തരേണ്ട ബൗദ്ധിക കൂട്ടായ്മ ഇവിടെ ഉരുത്തിരിയേണ്ടതുണ്ട്. സങ്കുചിത മനോഭാവമോ വലിപ്പ, ചെറുപ്പമോ പ്രകടിപ്പിക്കാത്ത തുറന്ന ചിന്താഗതിയോടുകൂടിയതുമായ അത്തരമൊരു പ്രസ്ഥാനം സമൂഹത്തിന്റെ പരിച്ഛേദം കൂടിയായിരിക്കണം. നൂറ് ശതമാനം സാക്ഷരത നേടിയ കേരളം നൂറ് ശതമാനം കമ്പ്യൂട്ടർ സാക്ഷരത കൈവരിക്കുന്ന കാലം വിദൂരത്തല്ല. അങ്ങനെയാകുമ്പോൾ കാര്യങ്ങൾ കുറച്ചു കൂടി ഗൗരവത്തിൽ കാണേണ്ടതുണ്ട്. എല്ലാം യന്ത്രങ്ങൾക്ക് വിട്ടു കൊടുക്കുന്ന സമീപനം യുക്തിഭദ്രമല്ലെന്ന് പറയാൻ അത്ര പഴയതല്ലാത്ത ഒരു കാര്യം ഓർമ്മപ്പെടുത്തട്ടെ.

ലോക പ്രശസ്ത സയൻസ് ഫിക്ഷൻ എഴുത്തുകാരനായിരുന്ന, 1992-ൽ അന്തരിച്ച ഐസക് അസിമോവ് മുന്നോട്ടു വച്ച മൂന്ന് നിയമങ്ങൾ വിവരസാങ്കേതികവിദ്യ വളർച്ചയുടെ കൊടുമുടിയിൽ എത്തിനിൽക്കുന്ന വേളയിൽ പ്രസക്തമാണ്. റോബോട്ട് അഥവാ യന്ത്രമനുഷ്യനുമായി ഇന്നത്തെ ഇന്റർനെറ്റിനെ താരതമ്യം ചെയ്യാം. അസിമോവ് 1947ൽ രചിച്ച 'റൺഎറൗണ്ട്' എന്ന ചെറുകഥയിൽ പറഞ്ഞു വച്ചതിതാണ്.

A Robot may not injure a human being or, through inaction, allow a human being to come to harm.

A Robot must obey the orders given to it by human beings, except where such orders would conflict with the first law.

A Robot must protect its own existence as long as such protection does not conflict with the first or second laws.

യന്ത്രമനുഷ്യൻ വരുന്നതോടെ പണിയെല്ലാം നഷ്ടപ്പെടുമെന്ന് വ്യാകുലപ്പെട്ടവർ ഏറെ. ഇനി പണിയൊന്നും എടുക്കേണ്ട എന്ന് ആശ്വസിച്ചവരും ഉണ്ടായിരുന്നിരിക്കാം. റോബോട്ടിന് പിന്നാലെ കമ്പ്യൂട്ടർ കടന്നുവന്നപ്പോഴും ഇത്തരം ചിന്തകൾ ഉയർന്നിരുന്നതാണ്. നാം കടന്നു പോയ്ക്കൊണ്ടിരിക്കുന്ന അതിസങ്കീർണ്ണമായ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള സമ്മിശ്ര പ്രതികരണങ്ങളെ അവഗണിക്കുക അസാധ്യം.

സാരാംശം: ശരിയാകുമോ എന്ന് അസിമോവിന് തോന്നിയെങ്കിലും സംഗതി സംഭവമാണ്. പക്ഷെ വളർത്തുദോഷത്തിന് കുട്ടിയെ കുറ്റം പറയാനാകുമോ?


**കേരളീയം വരിസംഖ്യ 240 രൂപ അയയ്ക്കുമല്ലോ...**

**വായനക്കാരുടെ പ്രതികരണങ്ങൾ**
അറിയിപ്പുകൾ അഭിപ്രായങ്ങൾ
**എഴുതുക/വിളിക്കുക/അയക്കുക**

കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 0487-2421385,9446576943
e-mail : mailkeraleeyam@gmail.com